**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6528** **11-07-2024 - ൽ മറുപടിയ്ക്ക്**

**വയനാട്-തലശ്ശേരി ബൈപാസ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വയനാട് റോഡ് -തലശ്ശേരി ബൈപാസ് റോഡ് (ഓത്തിയോട്ട് പാലം മുതൽ നരിക്കുട്ടുംച്ചാൽ റേഷൻകട വരെയുള്ള) നിർമ്മാണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ; | (എ) | വയനാട് റോഡ്-തലശ്ശേരി ബൈപ്പാസ് റോഡ് (ഒത്തിയോട്ട് പാലം മുതൽ നരിക്കുട്ടും ചാൽ റേഷൻ കട വരെയുള്ള ) റോഡിന്റെ നിർമ്മാണത്തിനായി 600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തി അലൈൻമെന്റ് തയ്യാറാക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തു. നേരത്തെ റോഡിന് ആവശ്യമായ സ്ഥലം പൊതുജനങ്ങൾ സ്വമേധയാ വിട്ടുനൽകുന്ന രീതിയിൽ ലഭ്യമാകും എന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചത് പ്രകാരമാണ് അലൈൻമെന്റ് തയ്യാറാക്കിയത്. എന്നാൽ പ്രസ്തുത സ്ഥലത്തെ ആളുകൾ സ്ഥലം വിട്ടുനൽകാൻ തയ്യാറാവാത്ത സാഹചര്യത്തിൽ സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി നടപ്പിലാക്കാൻ തീരുമാനിക്കുകയും പൊതുഅഭിപ്രായം മാനിച്ച് നിലവിൽ അംഗീകരിച്ച റോഡിന്റെ അലൈൻമെന്റിലെ കൊട്ടം വളവുകൾ, ഗതാഗതം സുഗമമാകുന്ന രീതിയിൽ പുതുക്കി നിർണ്ണയിക്കാൻ തീരുമാനിച്ചത് പ്രകാരം റിവൈസ്ഡ് അലൈൻമെന്റ് തയ്യാറാക്കുന്ന പ്രവൃത്തി നടന്നു വരികയാണ്. പുതുക്കിയ അലൈൻമെന്റ് അംഗീകരിച്ചതിന് ശേഷം ഇത് പ്രകാരം പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ബൈപാസ് റോഡ് നിർമ്മാണത്തിന് ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ബൈപാസ് റോഡ് നിർമ്മാണത്തിന് ബജറ്റിൽ 600 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ നിലവിൽ ഉള്ള തടസ്സങ്ങൾ എന്തെന്ന് അറിയിക്കാമോ; | (സി) | പ്രസ്തുത ബൈപ്പാസിന് നേരത്ത പഞ്ചായത്ത് അധികൃതർ അറിയിച്ചിരുന്നത് പ്രകാരം സ്വമേധയാ ഭൂഉടമ സ്ഥലം വിട്ടുനൽകുന്ന സാഹചര്യമില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അനുവദിച്ച ഭരണാനുമതിയിൽ ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അംഗീകാരം നൽകി ലാന്റ് അക്വിസിഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ബൈപാസ് നിർമ്മാണത്തിന് ലാൻഡ് അക്വിസിഷൻ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പ്രസ്തുത ബൈപ്പാസിന് നേരത്തെ പഞ്ചായത്ത് അധികൃതർ അറിയിച്ചിരുന്നത് പ്രകാരം സ്വമേധയാ ഭൂഉടമ സ്ഥലം വിട്ടുനൽകുന്ന സാഹചര്യമില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അനുവദിച്ച ഭരണാനുമതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അംഗീകാരം നൽകി ലാന്റ് അക്വിസിഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ